## പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 420** **6.3.2012-ൽ മറുപടിക്ക്.**

## കഞ്ചിക്കോട് റെയിൽവേ കോച്ച് ഫാക്ടറി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കോടിയേരി ബാലകൃഷ്ണൻ: | | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പുമന്ത്രി) | |
| (എ) | പാലക്കാട് ജില്ലയിലെ കഞ്ചിക്കോട് റെയിൽവേ കോച്ച് ഫാക്ടറിയുടെ നിർമ്മാണത്തിൽ സ്വകാര്യമേഖലയുടെ പങ്കാളിത്തം കൂടി ഉൾപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതുമായി ബന്ധപ്പെട്ട് ഇതിനകം എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ; | (എ) | ഉണ്ട്. റെയിൽവേ കോച്ച് ഫാക്ടറി പദ്ധതി സ്വകാര്യ പങ്കാളിത്തത്തോടെയുള്ള കൂട്ടു സംരംഭമായി നടത്തുന്നതിനായി ഭൂമി സർക്കാരിൽ നിന്നും വിലയ്ക്ക് വാങ്ങാമെന്ന് റെയിൽവേ നിർദ്ദേശിക്കുകയും, 33.70 കോടി രൂപയ്ക്ക് 239 ഏക്കർ ഭൂമി കേന്ദ്ര സർക്കാരിന് കൈമാറുവാൻ സംസ്ഥാന സർക്കാർ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയിൽ സ്വകാര്യമേഖലയെ ഉൾപ്പെടുത്തുന്നതിൽ വിവിധ മേഖലകളിൽനിന്നുള്ള എതിർപ്പുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ നിലപാട് വ്യക്തമാക്കാമോ; | (ബി) | ഇല്ല. |
| (സി) | കേന്ദ്രസർക്കാർ ഈ പദ്ധതിക്കായി എത്ര കോടി രൂപയാണ് പ്രഖ്യാപിച്ചിരുന്നത്; | (സി) യും (ഡി) യും | ഈ പദ്ധതിക്കായുള്ള നീക്കിയിരിപ്പും പദ്ധതിയുടെ ചെലവ് എത്ര രൂപയാണെന്നുമുള്ള അറിയിപ്പൊന്നും കേന്ദ്രഗവൺമെന്റിൽ നിന്നും ലഭിച്ചിട്ടില്ല. |
| (ഡി) | നിലവിൽ പ്രസ്തുത പദ്ധതിക്കായി എത്ര കോടി രൂപയാണ് നീക്കിവെച്ചതെന്ന് വെളിപ്പെടുത്താമോ? | | |

സെക്ഷൻ ഓഫീസർ